# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6160</u> <u>08.07.2014 ൽ മറുപടിക്ക്</u>

## <u>റെയിൽ യാത്രക്കൂലി ചരക്കുകൂലി വർദ്ധനവ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ:<br>" മുല്ലക്കര രത്നാകരൻ:<br>" കെ. രാജു:<br>" ഇ.കെ. വിജയൻ: | | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | റയിൽ യാത്രക്കൂലിയും ചരക്കുകൂലിയും കുത്തനെ കൂട്ടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ വർദ്ധനവ് ജനജീവിതത്തെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലമുണ്ടാകുന്ന ജീവിതഭാരം ലഘൂകരിക്കുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ട്രെയിൻ യാത്രാക്കൂലിയിൽ 14.2 ശതമാനവും ചരക്ക് കൂലിയിൽ 6.5 ശതമാനവും ജൂൺ മാസം 25 മുതൽ കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്താൻ തീരുമാനിച്ചതായി വാർത്തമാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിന്റെ ഫലമായി സ്വാഭാവികമായും യാത്രക്കാർക്ക് ഉണ്ടാവുന്ന അധികസാമ്പത്തിക ബുദ്ധിമുട്ടിനുപുറമേ അവശ്യസാധനങ്ങളുടെ വില ഉയരുന്നതുമൂലമുണ്ടാകുന്ന ജീവിതക്ലേശവും കൂടുതൽ ശ്രമകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനു മാത്രമായി യാതൊരു നടപടികളും സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ